1.	ആർ. ടി. ഒ.	- 1
2.	ജോയിന്റ് ആർ. ടി. ഒ	- 1
3.	എം. വി. ഐ.	- 2
4.	എ. എം. വി. ഐ	- 4
5.	സീനിയർ സൂപ്രണ്ട്	- 1
6.	ജൂനിയർ സൂപ്രണ്ട്	- 1
7.	പി. ആർ. ഒ	- 1
8.	ഹെഡ് അക്കൗണ്ടന്റ്	- 1
9.	എൽ. ഡി. സി	- 6
10.	ടൈപ്പിസ്റ്റ്	- 2
11.	ഡ്രൈവർ	- 1
12.	അറ്റൻഡർ	- 2
13.	പ്യൂൺ	- 3
14.	പി. ടി. സ്വീപ്പർ	- 1

(ബി) ഇക്കാര്യം പരിശോധിച്ച് എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതാണ്.

കേരളത്തിലെ റെയിൽവേ വികസനം

39 (840) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനത്തിൽ പങ്കുവഹിക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടു വരണമെന്ന കേന്ദ്ര റയിൽവേ മന്ത്രിയുടെ 2000-2001-ലെ ബഡ്ജറ്റ് പ്രസംഗത്തെ തുടർന്ന് സംസ്ഥാനത്തിന്റെ റെയിൽവേ വികസനം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് എഴുതുകയുണ്ടായോ ;

(ബി) എങ്കിൽ റയിൽവേ വികസനം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് എന്തെല്ലാം പദ്ധതികൾ സമർപ്പിച്ചു ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ. ഒ. രാജഗോപാലിന്റെ പത്ര പ്രസ്താവന മാത്രമേ ഇതുസംബന്ധിച്ചുണ്ടായുള്ളു. അല്ലാതെ കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു വിവരവും ലഭിച്ചിട്ടുള്ളതായി അറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എരുമേലിയിൽ നിന്ന് പുനലൂരിലേക്കും കോട്ടയത്തു നിന്ന് മധുരയിലേക്കും പുതിയ ബ്രോഡ്ഗേജ് പാത നിർമ്മിക്കണമെന്നും, കൊല്ലം ചെങ്കോട്ട പാതയും, ഡിണ്ടിഗൽ - പൊള്ളാച്ചി-പാലക്കാട് പാതയും പൊള്ളാച്ചി -നാദനൂർ പാതയും ബ്രോഡ്ഗേജായി മാറ്റണമെന്നും എറണാകുളം-തിരുവനന്തപുരം പാത വൈദ്യുതീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തലശ്ശേരി-മൈസൂർ പാതയുടെയും, ഇടപ്പള്ളി - ഗുരുവായൂർ-തമ്പാനൂർ തീരദേശ പാതയുടെയും സർവ്വേ വേഗം പൂർത്തീകരിക്കണമെന്നും, മംഗലാപുരത്തുനിന്ന് ആലപ്പുഴ വഴി തിരുവനന്തപുരത്തേക്ക് പുതിയ തീവണ്ടി ആരംഭിക്കണമെന്നും ഷൊർണ്ണൂർ-മംഗലാപുരം പാതയും എറണാകുളത്തുനിന്നും ആലപ്പുഴ വഴിയും കോട്ടയം വഴി കായംകുളം വരെയുള്ള പാതകളും ഇരട്ടിപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ തിരക്ക് കുറയ്ക്കാനായി നേമത്ത് ഒരു സാറ്റലൈറ്റ് സ്റ്റേഷനും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത് നെടുമ്പാശ്ശേരിയിൽ ഒരു പുതിയ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യവും ഉന്നയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട വല്ലാർപാടം കണ്ടയിനർ ടെർമിനൽ പ്രോജക്ടിലേക്ക് റെയിൽ ബന്ധം സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 29 റെയിൽ ഓവർ ബ്രിഡ്ജുകൾ സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്രത്തിൽ നിന്നും യാതൊരു ഉറപ്പും ഇതു സംബന്ധിച്ചുണ്ടായിട്ടില്ല.

ശബരിമല വികസനം

40 (843) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശബരിമല ക്ഷേത്ര വികസനത്തിന് വേണ്ടിയും ശബരിമല തീർത്ഥാടകർക്ക് വേണ്ടിയും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത് എന്നറിയിക്കാമോ ?

ഉത്തരം

ശബരിമലയുടെ വികസനത്തിന് കൂടുതൽ വനഭൂമി ആവശ്യമാണ്. വനഭൂമി ലഭ്യമാക്കുന്നതിനായി സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഇത് ലഭിച്ചാലേ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. എന്നിരുന്നാലും തീർത്ഥാടകർക്കാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്താറുണ്ട്. തീർത്ഥാടകർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ദേവസ്വം ബോർഡിനെ കൂടാതെ പോലീസ്, വനംവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ആരോഗ്യവകുപ്പ്, ഫയർഫോഴ്സ്, ഇറിഗേഷൻ വകുപ്പ്, കെ. എസ്. ആർ. ടി. സി, വൈദ്യുതി ബോർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ള വിതരണം, ആരോഗ്യപരിപാലനം, വൈദ്യുതിവിതരണം, സാനിട്ടേഷൻ സൗകര്യങ്ങൾ, സെക്യൂരിറ്റി, തീർത്ഥാടകർക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly